**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **11-02-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് പഞ്ചായത്തിലെ നീർക്കടവിൽ ഫിഷ്‌ലാന്റിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് പഞ്ചായത്തിലെ നീർക്കടവിൽ ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിലെ നീർക്കടവ് പ്രദേശത്ത് ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട 'Mathematical model studies for Littoral drift distribution and shoreline Evolution' എന്ന പഠനം നടത്തുവാൻ 9,94,100/- രൂപ പൂനെ CWPRS ന് കൈമാറി നൽകിയിട്ടുണ്ട്. ഫിഷ് ലാൻഡിംഗ് സെന്ററിനായുള്ള സാധ്യതാപഠനം CWPRS, പൂനെ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സാധ്യതാപഠനത്തിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി ആയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സാധ്യതാപഠനത്തിനുള്ള 9,94,100/- രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 21.08.2024-ന് കൈമാറി നൽകിയിട്ടുണ്ട്. |
| (സി) | സാധ്യതാപഠനം പൂർത്തിയാക്കി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പൂനെ CWPRS-ൽ നിന്നും സാധ്യതാപഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപ രേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ